File No.SJD/1604/2020-C3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :30/07/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

കീഴ് കാര്യാലയ മേധാവികൾക്ക്

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ് - കീഴ് കാര്യാലയങ്ങളിൽ ഔദ്യോഗികാവശ്യങ്ങൾക്കായി 2019-20 വർഷത്തിൽ കരാർ അടിസ്ഥാനത്തിൽ വാടകക്കെടുത്തിരുന്ന വാഹനങ്ങളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്

സൂചന :-

1. ഈ കാര്യാലയത്തിലെ 27/5/2020 തീയതിയിലെ ഇതേ നമ്പർ കത്ത്

2. വിവിധ കീഴ് കാര്യാലയ മേധാവികളുടെ ഫോൺ സന്ദേശം

സാമൂഹ്യനീതിവകുപ്പിലെ കീഴ് കാര്യാലയങ്ങളിൽ 2019-20 സാമ്പത്തിക വർഷം കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തുപയോഗിച്ചുകൊണ്ടിരുന്ന വാഹനങ്ങൾ 31/7/2020 വരെ തുടർന്നും ഉപയോഗിക്കുന്നതിനു സൂചന 1 പ്രകാരം അനുമതിനൽകിയിരുന്നു .പ്രസ്തുത കാലയളവിനുള്ളിൽ നടപ്പുസാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതാണ് എന്ന നിർദേശവും ഇതോടൊപ്പം നൽകിയിരുന്നു. എന്നാൽ കോവിഡ് 19 വ്യാപനത്തെ തുടർന്നുണ്ടായ പ്രത്യേക സാഹചര്യങ്ങളാൽ ചില കീഴ് കാര്യാലയങ്ങൾക്ക് ടെൻഡർ നടപടികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കരാർ വാഹനത്തിന്റെ കാലാവധി നീട്ടി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് .

മേൽ വിവരിച്ച സാഹചര്യത്തിൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത കീഴ് കാര്യാലയങ്ങളിലെ കരാർ വാഹനങ്ങൾ നിലവിലെ നിരക്കിലും മനദണ്ഡങ്ങളിലും മാറ്റമില്ലാതെ 31/8/2020 വരെ തുടർന്നും ഉപയോഗിക്കാവുന്നതാണ് . നടപ്പുസാമ്പത്തികവർഷത്തിലെ ടെൻഡർ നടപടികൾ 31/8/2020 നകം നിർബന്ധമായും പൂർത്തീകരിക്കുന്നതിനും കഴിഞ്ഞ സാമ്പത്തികവർഷത്തെ കരാർ വാഹനങ്ങളുടെ കരാർ അവസാനിപ്പിക്കുന്നതിനും ഓഫീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി